# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.09.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പകർച്ചവ്യാധി പ്രതിരോധത്തിന് 'സംയോജിത പ്രാരംഭ മുന്നറിയിപ്പ്' സംവിധാനം സ്ഥാപിക്കാൻ ബ്രിക്സ് കൂട്ടായ്മയിൽ ധാരണ ; ഉച്ചകോടിയുടെ രണ്ടാം ദിന സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

   **BRICS Agrees to Establish 'Integrated Early Warning' System for Epidemic Prevention; PM Narendra Modi Addresses Day Two of Summit.**

2. രണ്ടു ദിവസത്തെ ബ്രിക്സ് ഉച്ചകോടി ഇന്ന് സമാപിക്കും ; അഞ്ചു രാഷ്ട്രത്തലവൻമാരുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തും.

   **Two-Day BRICS Summit Concludes Today; PM to Hold Bilateral Talks with Five World Leaders .**

3. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇറാൻ ധനകാര്യ മന്ത്രിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

   **Union Finance Minister Nirmala Sitharaman Meets Iranian Finance Minister in New Delhi.**

4. **കേരളത്തിൽ 1,105 കോടി രൂപ ക്ഷേമപെൻഷൻ വിതരണം ചെയ്തതായി മുഖ്യമന്ത്രി വി ഡി സതീശൻ.**

**Chief Minister V. D. Satheesan Says Welfare Pension of ₹1,105 Crore Distributed in Kerala.**

5. **ഹോർമുസ് കടലിടുക്കിൽ കപ്പലുകൾക്ക് പ്രവേശിക്കാനും പുറത്തുപോകാനുമുള്ള പുതിയ പാതകൾ സംബന്ധിച്ച് ഇറാനും ഒമാനും തമ്മിൽ ധാരണ.**

**Iran and Oman Reach Agreement on New Entry and Exit Shipping Routes in Strait of Hormuz.**

6. ടി-20 വനിതാ ഏഷ്യ കപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് ഇന്ത്യ ശ്രീലങ്ക പോരാട്ടം ; ഇന്ത്യ-അഫ്ഗാനിസ്ഥാൻ പുരുഷ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം.

**India Faces Sri Lanka Today in Women's T20 Asia Cup Cricket Final; India-Afghanistan Men's T20 Series Begins Today.**

*********************************************

## DAY BRICS SUMMIT

18-ാമത് ബ്രിക്സ് ഉച്ചകോടിയുടെ രണ്ടാം ദിനമായ ഇന്ന് ബ്രിക്സ് പങ്കാളി രാഷ്ട്ര നേതാക്കളെ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാഗതം ചെയ്തു. മലേഷ്യ, വിയറ്റ്നാം, സൗദി അറേബ്യ എന്നിവിടങ്ങളിലെ രാഷ്ട്രീയ നേതൃത്വം, യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് എന്നിവർ ഇതിലുൾപ്പെടുന്നു.

*********************************************

## PM - BRICS (INTRO)

വെല്ലുവിളികളെ നേരത്തേ തിരിച്ചറിയുന്നത് പോലെ തന്നെ പ്രധാനമാണ് തയ്യാറെടുപ്പും അതിവേഗത്തിലുള്ള പ്രതികരണവുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബ്രിക്സ് ഉച്ചകോടിയുടെ രണ്ടാം ദിവസത്തെ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു

അദ്ദേഹം. പകർച്ചവ്യാധി പ്രതിരോധത്തിനും പ്രതികരണത്തിനുമായി സംയോജിത പ്രാരംഭ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കാൻ ബ്രിക്സ് കൂട്ടായ്മ ധാരണയിലെത്തിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

(വോയ്സ്)

## PM MEETING

ബ്രിക്സ് ഉച്ചകോടിയ്ക്ക് അനുബന്ധമായി അഞ്ചു രാജ്യങ്ങളിലെ പ്രസിഡന്റുമാരുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. ഖസാക്കിസ്ഥാൻ , ഫിലിപ്പൈൻസ്, ഈജിപ്ത്, ദക്ഷിണാഫ്രിക്ക, ബുറുണ്ടി എന്നിവിടങ്ങളിലെ പ്രസിഡന്റുമാർക്ക് പുറമെ നൈജീരിയ, ഉഗാണ്ട എന്നിവിടങ്ങളിലെ വൈസ് പ്രസിഡന്റുമാരുമായും ശ്രീ.മോദി കൂടിക്കാഴ്ച നടത്തും.

*********************************************************

## BRICS DECLARATION – TERRORISM (INTRO)

ജമ്മു കശ്മീരിലെ പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തെ രൂക്ഷമായി അപലപിച്ച് ബ്രിക്സ് ഉച്ചകോടി. ന്യൂഡൽഹിയിൽ നടന്ന ഉച്ചകോടിയിൽ ഏകകണ്ഠമായി അംഗീകരിച്ച 'ന്യൂഡൽഹി പ്രഖ്യാപനത്തിൽ' ഭീകരവാദത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് അംഗരാജ്യങ്ങൾ ആഹ്വാനം ചെയ്തത്. **വിശദാംശങ്ങളിലേക്ക് ..........**

**(വോയ്സ്)**

## BRICS DECLARATION – TERRORISM (VOICE)

26 പേരുടെ മരണത്തിനിടയാക്കിയ പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച പാക് ഭീകരർക്കെതിരെയും, അതിർത്തി കടന്നുള്ള ഭീകരപ്രവർത്തനം, ഭീകര പ്രവർത്തകർക്ക് നല്കുന്ന ധനസഹായം, സുരക്ഷിത താവളങ്ങൾ എന്നിവയ്ക്കെതിരെയും ശക്തമായ നടപടി വേണമെന്ന് സംയുക്ത പ്രഖ്യാപനം ആവശ്യപ്പെട്ടു.

ഇതിനുപുറമേ, പശ്ചിമേഷ്യയിൽ വർദ്ധിച്ചുവരുന്ന സംഘർഷങ്ങളിൽ കടുത്ത ആശങ്ക രേഖപ്പെടുത്തിയ ഉച്ചകോടി, സംയമനം പാലിക്കാനും ചർച്ചകളിലൂടെയും നയതന്ത്രത്തിലൂടെയും സമാധാനം പുനഃസ്ഥാപിക്കാനും ആഹ്വാനം ചെയ്തു. അന്താരാഷ്ട്ര നിയമങ്ങൾക്ക് വിധേയമായി ആഗോള വ്യാപാരം, ഊർജ്ജ-വിതരണ ശൃംഖലകൾ എന്നിവ തടസ്സമില്ലാതെ നിലനിർത്താനും ലോകരാജ്യങ്ങൾക്കിടയിലെ ധ്രുവീകരണം അവസാനിപ്പിച്ച് സ്ഥിരത കൈവരിക്കാനും ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്നും ബ്രിക്സ് കൂട്ടായ്മ അറിയിച്ചു. **ന്യൂസ് ഡസ്ക്, ആകാശവാണി....**

******************************************************

## BRICS

രണ്ടു ദിവസം നീണ്ടു നിൽക്കുന്ന ബ്രിക്സ് ഉച്ചകോടി ഇന്ന് സമാപിക്കും. നൂതനാശയ രൂപീകരണം, സഹകരണം , സുസ്ഥിരത, എല്ലാവരെയും ഉൾക്കൊള്ളിച്ചുള്ള ആഗോള വളർച്ചയ്ക്കായി ഭാവിയെ രൂപപ്പെടുത്തുക എന്ന വിഷയത്തിൽ ബ്രിക്സ് അംഗ രാജ്യങ്ങളും പങ്കാളികളും ഇന്ന് ചർച്ച നടത്തും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്നലെയാണ് ഉച്ചകോടിയ്ക്ക് തുടക്കമായത്. നയതന്ത്ര ചർച്ചകൾ അടക്കമുള്ള മാർഗങ്ങളിലൂടെ അന്താരാഷ്ട്ര തർക്കങ്ങൾ സമാധാനപരമായി പരിഹരിക്കുമെന്ന് ബ്രിക്സ് രാജ്യങ്ങൾ വ്യക്തമാക്കിയിരുന്നു.

******************************************************

## WHO NEW DELHI DECLARATION

ബ്രിക്സ് ഉച്ചകോടിയിൽ അംഗീകരിക്കപ്പെട്ട 'ന്യൂഡൽഹി പ്രസ്താവന'യെ പ്രകീർത്തിച്ച് ലോകാരോഗ്യ സംഘടന. സമഗ്ര ആരോഗ്യ പരിരക്ഷ, മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങൾ എന്നിവ ലക്ഷ്യമിട്ടുള്ള നീക്കങ്ങളെ WHO തലവൻ റ്റെഡ്രോസ് അധനോം ഗബ്രിയേസസ് സമൂഹ മാധ്യമ പോസ്റ്റിൽ അഭിനന്ദിച്ചു. ക്ഷയരോഗം നിർമ്മാർജനം ചെയ്യാൻ ബ്രിക്സ് അംഗ രാജ്യങ്ങൾ നടത്തുന്ന ശ്രമങ്ങൾ മികച്ചതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

******************************************************

## NIRMALA SITHARAMAN

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇറാന്റെ സാമ്പത്തിക-ധനകാര്യ മന്ത്രി സയ്യദ് അലി മദനി-സാദെയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ബ്രിക്സ് ഉച്ചകോടിയിലെ സജീവ പങ്കാളിത്തത്തിനും ധനകാര്യ മേഖലയിലെ കാര്യക്ഷമമായ സഹകരണത്തിനും നിർമല സീതാരാമൻ ഇറാനോട് നന്ദി അറിയിച്ചു. ഇരുരാജ്യങ്ങളുടെയും സാമ്പത്തിക വളർച്ച, പരസ്പര താല്പര്യമുള്ള മേഖലകളിലെ സഹകരണ സാധ്യതകൾ എന്നിവ യോഗത്തിൽ ചർച്ച ചെയ്യതായി ധനകാര്യ മന്ത്രാലയം അറിയിച്ചു.

*****************************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*****************************************************

## IRAN OMAN EXIT ROUTES

ഹോർമുസ് കടലിടുക്കിൽ കപ്പലുകൾക്ക് പ്രവേശിക്കാനും പുറത്തുപോകാനുമുള്ള പുതിയ പാതകൾ സംബന്ധിച്ച് ഇറാനും ഒമാനും തമ്മിൽ ധാരണയായി. ഇതുപ്രകാരം പ്രവേശന പാത പൂർണ്ണമായും, പുറത്തുകടക്കൽ പാതയുടെ ഒരു ഭാഗവും ഇറാന്റെ സമുദ്ര അതിർത്തിയിലായിരിക്കും. ഇതൊടെ നിലവിലെ തെക്കൻ പാത അടയും. എന്നാൽ തങ്ങൾ മുന്നോട്ടുവെച്ച ഏഴ് നിബന്ധനകൾ അമേരിക്ക അംഗീകരിക്കും വരെ കടലിടുക്ക് തുറക്കില്ലെന്ന് ഇറാൻ വ്യക്തമാക്കി.

*****************************************************

## PENSION

കേരളത്തിൽ 1,105 കോടി രൂപ ക്ഷേമപെൻഷൻ വിതരണം ചെയ്യതായി മുഖ്യമന്ത്രി വി ഡി സതീശൻ.

51 ലക്ഷത്തി 59,000 ഗുണഭോക്താക്കൾക്ക് പെൻഷൻ എത്തിക്കാൻ കഴിഞ്ഞു. കൂടാതെ, വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് കുടിശ്ശിക തീർപ്പാക്കാനും ജീവനക്കാരുടെ ഓണം ആനുകൂല്യങ്ങൾ ഉറപ്പാക്കാനും കഴിഞ്ഞതായും ശ്രീ.സതീശൻ സമൂഹമാധ്യമത്തിൽ കുറിച്ചു.

*********************************************

## T-20 ASIA CUP

ടി-20 വനിതാ ഏഷ്യ കപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് നിലവിലെ ചാമ്പ്യന്മാരായ ശ്രീലങ്കയെ നേരിടും. ദുബായിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം.

*********************************************

## IND-AFG T20

ഇന്ത്യ-അഫ്ഗാനിസ്ഥാൻ പുരുഷ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് ഡൽഹിയിൽ തുടക്കമാകും. വൈകിട്ട് 7 മണിക്കാണ് മത്സരം. പരമ്പരയിൽ ആകെ മൂന്ന് മത്സരങ്ങളാണുള്ളത്.

*********************************************

## TENNIS - US OPEN

യുഎസ് ഓപ്പൺ വനിതാ സിംഗിൾസ് കിരീടം എലീന റൈബാക്കിനയ്ക്ക്. ഫൈനലിൽ അരീന സബലെങ്കയെ പരാജയപ്പെടുത്തിയാണ് കിരീട നേട്ടം. റൈബാക്കിനയുടെ ആദ്യ യുഎസ് ഓപ്പൺ കിരീടമാണിത്. പുരുഷ സിംഗിൾസ് ഫൈനലിൽ ഇന്ന് അലക്സാണ്ടർ സ്വെരേവ്, ബെൻ ഷെൽട്ടനെ നേരിടും. ഇന്ത്യൻ സമയം രാത്രി 11:30-നാണ് മത്സരം.

*********************************************

## CPI(M) STATE COMMITTEE

സി.പി.ഐ(എം) വിപുലീകൃത സംസ്ഥാന കമ്മറ്റി യോഗം കോഴിക്കോട് തുടങ്ങി. സി.പി.ഐ (എം) സംസ്ഥാന കമ്മിറ്റി അംഗങ്ങളും 14 ജില്ലകളിൽ നിന്നുമുള്ള ജില്ലാ സെക്രട്ടറിയേറ്റ് അംഗങ്ങളും ഉൾപ്പെടെ 300-ൽപരം പേർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

*********************************************************

## RAIN KERALA

കേരളത്തിൽ നാളെ മുതൽ പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, പാലക്കാട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. മലപ്പുറം, കോഴിക്കോട്, വയനാട് എന്നിവിടങ്ങൾ മറ്റെന്നാൾ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

*********************************************************

## DRYLAND CONGRESS

വരണ്ട പ്രദേശങ്ങളിലെ കാർഷിക മേഖലയുടെ ഉന്നമനത്തിനായി കൈകോർക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് മൂന്ന് ദിവസം നീണ്ടുനിന്ന അന്താരാഷ്ട്ര **ഡ്രൈലാൻറ് കോൺഗ്രസിന്** ന്യൂഡൽഹിയിൽ സമാപനം. സമ്മേളനത്തിന്റെ ഭാഗമായി **'ഡൽഹി ഡിക്ലറേഷൻ ഓൺ ഡ്രൈലാന്റ്സ്'** പ്രഖ്യാപനം കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചു. ആഗോള ദക്ഷിണ രാജ്യങ്ങൾ തമ്മിലുള്ള സഹകരണം, അറിവുകളുടെ കൈമാറ്റം, സങ്കേതിക മുന്നേറ്റം എന്നിവയിലൂടെ വരണ്ട ഭൂമിയിലെ കൃഷി കൂടുതൽ സുസ്ഥിരമാക്കാൻ സമ്മേളനം തീരുമാനിച്ചു.

*********************************************************

## MISSILE TEST RANGE

പശ്ചിമ ബംഗാളിലെ പൂർബ മേദിനിപൂർ ജില്ലയിലുള്ള ജുൻപുട്ട് തീരദേശ ഗ്രാമത്തിൽ ഡി.ആർ.ഡി.ഒ പുതിയ ആയുധ-മിസൈൽ പരീക്ഷണകേന്ദ്രം സ്ഥാപിക്കുന്നു. പദ്ധതിക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകി. ഡി.ആർ.ഡി.ഒയുടെ മൂന്നാമത്തെ പ്രധാന

പരീക്ഷണ കേന്ദ്രമായിരിക്കും ഇത്. ചണ്ഡിപ്പൂരിൽ നിന്ന് ബംഗാൾ ഉൾക്കടൽ തീരത്തുകൂടി ഏകദേശം 70 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ജുൻപുട്ട് കേന്ദ്രം രാജ്യത്തിന്റെ പ്രതിരോധ പരിശോധനാ ശേഷി വർദ്ധിപ്പിക്കും.

*********************************************

## J AND K – DODA TERRORIST

ജമ്മു കശ്മീരിലെ ഡോഡ ജില്ലയിൽ സെഓജ് ധാർ മേഖലയിൽ നിന്ന്, പാകിസ്താൻ ജെയ്ഷെ മുഹമ്മദ് ഭീകരന്റെ ജീർണ്ണിച്ച മൃതദേഹാവശിഷ്ടങ്ങളും, എം-4 റൈഫിളും സുരക്ഷാ സേന കണ്ടെടുത്തു. നാട്ടുകാർ നൽകിയ വിവരത്തെത്തുടർന്ന് പോലീസും രാഷ്ട്രീയ റൈഫിൾസും സി.ആർ.പി.എഫും ചേർന്നു നടത്തിയ തിരച്ചിലിലാണ് ഇവ കണ്ടെത്തിയത്. മുൻപ് നടന്ന ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട ഭീകരന്റേതാണ് അവശിഷ്ടങ്ങളെന്ന് പോലീസ് സ്ഥിരീകരിച്ചു. പ്രദേശത്ത് അന്വേഷണം തുടരുകയാണ്.

*********************************************

## IMD

ഗുജറാത്തിൽ ചിലയിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. മധ്യപ്രദേശ്, സൗരാഷ്ട്ര, കച്ച് മേഖലകളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. അതേസമയം, ന്യൂഡൽഹിയിൽ അടുത്ത മൂന്ന് ദിവസങ്ങളിൽ നേരിയ മഴ ലഭിക്കുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

*********************************************

## MALAYSIA – PM

അഞ്ച് ദിവസത്തെ ഇന്ത്യൻ പര്യടനത്തിന്റെ ഭാഗമായി മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം ഇന്ന് കോഴിക്കോട്ടെത്തും. വിമാനത്താവളത്തിൽ വൈകിട്ട് അഞ്ചരയ്ക്ക് മന്ത്രി ടി.സിദ്ദിഖ് അദ്ദേഹത്തെ സ്വീകരിക്കും. തുടർന്ന് കോഴിക്കോട് മർകസ്

ക്യാമ്പസ് സന്ദർശിക്കും. സന്ദർശനത്തോടനുബന്ധിച്ച് കോഴിക്കോട് നഗരത്തിൽ ഇന്ന് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. മുഖ്യമന്ത്രി, ഗവർണർ എന്നിവരുമായും മലേഷ്യൻ പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

*********************************************

## J AND K – PARKING

ജമ്മുവിൽ രൂക്ഷമായ ഗതാഗതക്കുരുക്കിന് പരിഹാരമായി രണ്ട് പ്രധാന പാർക്കിംഗ് പദ്ധതികൾക്ക് ജമ്മു കശ്മീർ സർക്കാർ അംഗീകാരം നൽകി. പരേഡ് ഗ്രൗണ്ടിൽ പാർക്കിംഗ് കം കമേഴ്സ്യൽ കോംപ്ലക്സും, S.M.G.S ആശുപത്രിയിൽ മൾട്ടിലെവൽ കാർ പാർക്കിംഗുമാണ് നിർമ്മിക്കുന്നത്. ആകെ 49.34 കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതികൾ യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്താനും തിരക്കേറിയ നഗരപ്രദേശങ്ങളിലെ ഗതാഗതക്കുരുക്ക് ലഘൂകരിക്കാനും ലക്ഷ്യമിട്ടുള്ളതാണ്.

****************************************************************************************************